**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2634** **04-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിരന്തരം ഉണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് പ്രശ്നങ്ങളും കാരണം ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ക്ഷാമവും വൈദ്യുതി തടസ്സവും പരിഹരിയ്ക്കുന്നതിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ, ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ഹൈ ടെൻഷൻ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഹൈ ടെൻഷൻ ലൈനിലെ പഴയ കമ്പികൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുകൊണ്ട് പുതിയ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ എന്നിവ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.<br><br>മേൽ പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള മലപ്പുറം പാക്കേജ് പദ്ധതിയിൽ, 56.95 കോടി രൂപയുടെ 256 പ്രവൃത്തികളായാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ഇവ 2024-25, 2025-26, 2026-27 എന്നിങ്ങനെ മൂന്ന് വർഷങ്ങളായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കാനുള്ള 3.2 കോടി രൂപയുടെ 14 വർക്കുകളുടെ ടെൻഡർ നടപടികൾ പുരോഗതിയിലാണ്. 12.27 കോടി രൂപയുടെ 18 വർക്കുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികൾ 2025-26, 2026-27 വർഷങ്ങളിലായി പൂർത്തീകരിക്കുന്നതാണ്.<br><br>കൂടാതെ, കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള ദ്യുതി 2.0 പദ്ധതിയിൽ 2022-23 മുതൽ 2026-27 വരെ 5 വർഷങ്ങളിലായി 46.4 കോടി രൂപയുടെ 597 പ്രവൃത്തികളാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ഇതിൽ 91.44 ലക്ഷം രൂപയുടെ സ്പേസർ ഇടുന്നതടക്കമുള്ള 261 ജോലികളും ഉൾപ്പെടുന്നു. ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ 3.699 കോടി രൂപയുടെ 107 പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 4.84 കോടി രൂപയുടെ 126 പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും, 11.18 കോടി രൂപയുടെ 104 പ്രവൃത്തികൾ പുരോഗതിയിലുമാണ്. 2025-26, 2026-27 വർഷങ്ങളിൽ പ്ലാൻ ചെയ്തിട്ടുള്ള 26.68 കോടി രൂപയുടെ 260 പ്രവൃത്തികൾ അതാതു വർഷങ്ങളിൽ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് മലപ്പുറം പാക്കേജ്, ദ്യുതി-2.0 പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതിയും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; ഇവ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ;? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ക്ഷാമവും വൈദ്യുതി തടസ്സവും പരിഹരിയ്ക്കുന്നതിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ, ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ഹൈ ടെൻഷൻ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഹൈ ടെൻഷൻ ലൈനിലെ പഴയ കമ്പികൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുകൊണ്ട് പുതിയ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ എന്നിവ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.<br><br>മേൽ പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള മലപ്പുറം പാക്കേജ് പദ്ധതിയിൽ, 56.95 കോടി രൂപയുടെ 256 പ്രവൃത്തികളായാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ഇവ 2024-25, 2025-26, 2026-27 എന്നിങ്ങനെ മൂന്ന് വർഷങ്ങളായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കാനുള്ള 3.2 കോടി രൂപയുടെ 14 വർക്കുകളുടെ ടെൻഡർ നടപടികൾ പുരോഗതിയിലാണ്. 12.27 കോടി രൂപയുടെ 18 വർക്കുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികൾ 2025-26, 2026-27 വർഷങ്ങളിലായി പൂർത്തീകരിക്കുന്നതാണ്.<br><br>കൂടാതെ, കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള ദ്യുതി 2.0 പദ്ധതിയിൽ 2022-23 മുതൽ 2026-27 വരെ 5 വർഷങ്ങളിലായി 46.4 കോടി രൂപയുടെ 597 പ്രവൃത്തികളാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ഇതിൽ 91.44 ലക്ഷം രൂപയുടെ സ്പേസർ ഇടുന്നതടക്കമുള്ള 261 ജോലികളും ഉൾപ്പെടുന്നു. ഈ പദ്ധതിയിൽ 3.699 കോടി രൂപയുടെ 107 പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 4.84 കോടി രൂപയുടെ 126 പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും, 11.18 കോടി രൂപയുടെ 104 പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പുരോഗതിയിലുമാണ്. 2025-26, 2026-27 വർഷങ്ങളിൽ പ്ലാൻ ചെയ്തിട്ടുള്ള 26.68 കോടി രൂപയുടെ 260 പ്രവൃത്തികൾ അതാത് വർഷങ്ങളിൽ പൂർത്തീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ